# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ
ചോദ്യം നം.234 — 17.08.2017-ൽ മറുപടിയ്ക്ക്

### പൊതുവിദ്യാലയങ്ങളിൽ സിനിമാക്ലബ്ബുകളുടെ രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.ടി.വി.ഇബ്രാഹിം<br>ശ്രീ.കെ.എം.ഷാജി<br>ഡോ.എം.കെ.മുനീർ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഉൾപ്പെടെ സിനിമാക്ലബ്ബുകൾ രൂപീകരിക്കുന്നതിനും വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ സിനിമകൾ നിർമ്മിക്കുന്നതിനും പദ്ധതികളൊന്നും നിലവിലില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കുട്ടികളിൽ ചലച്ചിത്രാഭിരുചി വർദ്ധിപ്പിക്കുന്നതിനും അഭിനയം, സംവിധാനം, ഫോട്ടോഗ്രാഫി എന്നിവയിലെ കഴിവുകൾ വികസിപ്പിക്കുന്നതിനും ഇത്തരം ക്ലബ്ബുകൾ രൂപീകരിക്കുന്നത് സഹായകരമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, സംസ്ഥാന ചലച്ചിത്ര അക്കാദമി എന്നിവ ഏതെങ്കിലും മുഖാന്തിരം സ്കൂളുകളിൽ സിനിമാ ക്ലബ്ബുകൾ രൂപീകരിക്കുന്ന ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ? | (സി) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി എന്നിവ മുഖാന്തിരം സ്കൂളുകളിൽ സിനിമാ ക്ലബ്ബുകൾ രൂപീകരിക്കുന്ന പദ്ധതി ആവിഷ്കരിച്ചു വരുന്നു.<br>കലാമൂല്യമുള്ള മികച്ച ചിത്രങ്ങൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് വിദ്യാലയങ്ങളിൽ ലോക നിലവാരത്തിലുള്ള ചലച്ചിത്ര പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി നടപടി സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ഡി പി ഐ യുടെ കീഴിലുള്ള വിദ്യാരംഗവും |

അക്കാദമിയുടെ കീഴിലുള്ള ടൂറിംഗ് ടാക്കീസുമായി ചേർന്ന് എല്ലാ സ്കൂളുകളിലും ഫിലിം ക്ലബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എല്ലാ ശനിയാഴ്ചകളിലും അതാത് സ്കൂളിന്റെ കീഴിലുള്ള ഫിലിം ക്ലബുമായി ചേർന്ന് സിനിമാ പ്രദർശനം നടത്തുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം ആഗസ്റ്റ് 31 ന് കോഴിക്കോട് നടക്കാവ് സ്കൂളിൽ വെച്ച് നടത്തുന്നതാണ്. ഇതു കൂടാതെ സംവാദം, ചർച്ച, സിനിമയുടെ വിവിധ വശങ്ങൾ പരിചയപ്പെടുത്തുന്ന ക്ലാസ്സുകൾ എന്നിവയും ഉൾപ്പെടുത്തുന്നതാണ്. ഇതിനായി വിദഗ്ധരുടെ പാനലും ക്ലാസ്സിനുള്ള സിലബസ്സും തയ്യാറാക്കുന്ന നടപടികൾ നടന്നു വരികയാണ്. കൂടാതെ കുട്ടികൾക്കും അധ്യാപകർക്കും ചലച്ചിത്ര പഠന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതുൾപ്പെടെയുള്ള പരിപാടികൾ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ പരിഗണനയിലാണ്. വിപുലവും വ്യത്യസ്തവുമായ രീതിയിൽ കോളേജ് തലത്തിലേക്കും ഈ പദ്ധതി നടപ്പിലാക്കാൻ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ഉദ്ദേശിക്കുന്നു.

ചലച്ചിത്ര അക്കാദമിയുടെ തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ മേഖലാ ഓഫീസുകൾ വഴിയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്.

കുട്ടികളുടെ സിനിമ അഭിരുചി, അഭിനയം, സംവിധാനം, ഫോട്ടോഗ്രാഫി എന്നിവയിലെ കഴിവുകൾ വികസിപ്പിക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി എല്ലാ വർഷവും ഏപ്രിൽ മാസം 5 ദിവസം നീണ്ടു നിൽക്കുന്ന കുട്ടികൾക്കുള്ള റെസിഡൻസി ക്യാമ്പ് നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ